## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1862** **01-02-2018-ൽ മറുപടി നൽകേണ്ടത്**

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ നിയമനരീതി

**ചോദ്യം**
ശ്രീ.എം.ഉമ്മർ

**മറുപടി**
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവരാവകാശ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ, ബാലാവകാശ കമ്മീഷൻ, ലോകായുക്ത തുടങ്ങിയ സ്ഥാപനങ്ങളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ തസ്തികയിലേക്കുള്ള നിയമന രീതി എന്തെന്ന് വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ വിവരാവകാശ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ എന്നിവിടങ്ങളിൽ അന്യത്ര സേവന വ്യവസ്ഥയിലാണ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ തസ്തികയിലേക്കുള്ള നിയമനം നടത്തുന്നത്. കേരള ലോകായുക്തയിൽ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ തസ്തികയിലേക്കുള്ള നിയമനത്തിന് സർക്കാർ വകുപ്പുകളിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളാണ് അവലംബിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത തസ്തികയിൽ എത്ര വീതം ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; | ബി) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ടി തസ്തികയിൽ 8 ഒഴിവുകൾ നിലവിലുണ്ട്. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. കേരള ലോകായുക്തയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 7 ഒഴിവുകൾ നിലവിലുണ്ട്. |
| (സി) | പ്രസ്തുത ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ? | സി) | ലോകായുക്തയിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ